**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3433** **15-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി പണം അനുവദിച്ച പണി പൂർത്തിയാവാത്ത സ്കൂളുകളുടെ എണ്ണം, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി പണം അനുവദിച്ച, പണി പൂർത്തിയാവാത്ത സ്കൂളുകളുടെ എണ്ണം, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ ചുവടെ പറയുന്നു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എം.എച്ച്.എസ്.എസ് കോഴിക്കോട് സ്കൂളിന്റെ - ഭൂമി സംബന്ധമായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ജില്ലാകളക്ടർ നടപടി സ്വീകരിച്ചു വരുന്നു. നിർമ്മാണത്തിന് റെയിൽവേ NOC ലഭ്യമാകേണ്ടതുണ്ട്.<br><br>ഗവ.ഗണപത് ബി.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>ജി.ജി. ഗവ. മോഡൽ എച്ച്.എസ്. എസ് ചാലപ്പുറം സ്കൂളിന്റെ പ്രൊപ്പോസൽ കിഫ്ബിയുടെ സാങ്കേതിക അനുമതിക്ക് സമർപ്പിച്ചിരിക്കുന്നു.<br><br>ജി.എച്ച്.എസ്.ആഴ്ചവട്ടം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>**1കോടി കിഫ്ബി പദ്ധതി**<br><br>ജി.വി.എച്ച്.എസ്.എസ് കിനാശ്ശേരി സ്കൂളിന്റെ Project Execution Document കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>ഗവ.ബി.എച്ച്.എസ്.എസ്.പറയഞ്ചേരി & ജി.വി.എച്ച്.എസ്.എസ് പുതിയറ എന്നീ സ്കൂളുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.<br><br>ജി.ജി.യു.പിഎസ്.പൂക്കുന്ന് സ്കൂളിന് പുതിയ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. KMBR |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിനായി കോഴിക്കോട് കോർപ്പറേഷന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ചില സ്കൂളുകളിൽ സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തികൾ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികൾ തുടങ്ങാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ചില സ്കൂളുകളിൽ PRICE SOFTWARE - ൽ ഉണ്ടായ ചില സാങ്കേതിക തടസ്സങ്ങൾ കാരണം എസ്.പി.വി - യായ കിലയ്ക്ക് അനുമതി നൽകുന്നതിന് സാധിക്കാതെവന്നു. പ്രസ്തുത പ്രശ്നം ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. കില തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ